പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 241

21.06.2012-ലെ
മറുപടിക്ക്.

## വിദ്യാഭ്യാസ അവകാശ നിയമം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.വി. അബ്ദുൾ ഖാദർ<br>ശ്രീ. എം.എ. ബേബി<br>ഡോ. കെ.ടി. ജലീൽ<br>ഡോ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; | (എ) വിദ്യാഭ്യാസ അവകാശ നിയമം കേരളത്തിൽ ഘട്ടം ഘട്ടമായി നടപ്പാക്കി വരുന്നു. നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി 2011 ലെ കേരള വിദ്യാഭ്യാസ അവകാശ ചട്ടങ്ങൾ രൂപീകരിച്ച് 30/04/11 ലെ ജി.ഒ (പി) 100/11/പൊ.വി നമ്പർ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. NCTE യുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി അദ്ധ്യാപക നിയമനങ്ങൾക്ക് TET യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെ മാത്രം പരിഗണിക്കുവാൻ പി.എസ്.സിയോടാവശ്യപ്പെട്ടിട്ടുണ്ട്. TET യോഗ്യത പരീക്ഷ നടത്തിപ്പിനായി SCERT-യെ ചുമതലപ്പെടുത്തി 01.03.12-ലെ ജി.ഒ. (പി) 70/12/പൊ.വി.വ. മുഖേന ഉത്തരവായിട്ടുണ്ട്. കേന്ദ്ര നിയമം അനുശാസിക്കുംവിധം 150 കുട്ടികളുള്ള സർക്കാർ പ്രൈമറി സ്കൂളുകളിലും 100 കുട്ടികളുള്ള സർക്കാർ യു.പി സ്കൂളുകളിലും പ്രഥമാദ്ധ്യാപകരെ ക്ലാസ് ചാർജിൽ നിന്നും ഒഴിവാക്കികൊണ്ട് 28/12/11 ലെ ജി.ഒ (പി) നം. 256/11/പൊ.വി പ്രകാരം ഉത്തരവായിട്ടുണ്ട്. കേന്ദ്ര നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി ദുർബ്ബല വിഭാഗത്തിൽപ്പെട്ട കുട്ടിയുടെ വരുമാന പരിധി 60,000/- രൂപയായി നിശ്ചയിച്ചുകൊണ്ട് 27.03.12-ലെ ജി.ഒ.(പി)94/11/പൊ.വി.വ. മുഖേന |

ഉത്തരവായിട്ടുണ്ട്. കൂടാതെ സ്പെസിഫൈഡ് കാറ്റഗറി സ്കൂളുകൾ, ഡിസ് അഡ്വാന്റേജ്ഡ് വിഭാഗത്തിൽപ്പെട്ട കുട്ടി '(a child belonging' to disadvantaged group) എന്നിവ ഏതൊക്കെയാണെന്ന് നിർവചിച്ചുകൊണ്ട് യഥാക്രമം 27.03.2012-ലെ ജി.ഒ.(പി) 93/12/പൊ.വി.വ., 25.05.2012-ലെ ജി.ഒ.(പി) 158/12/പൊ.വി.വ. എന്നിവ മുഖേന ഉത്തരവായിട്ടുണ്ട്. വിദ്യാഭ്യാസ അവകാശ നിയമത്തെ കുറിച്ച് രക്ഷാകർതൃ ബോധവത്കരണ പരിപാടി, ജനപ്രതിനിധികൾക്കു വേണ്ടി കമ്മ്യൂണിറ്റി ട്രെയിനിംഗ് പ്രോഗ്രാം എന്നിവ സർവ്വ ശിക്ഷാ അഭിയാൻ മുഖേന നടത്തുകയും, വിദ്യാഭ്യാസം നമ്മുടെ അവകാശം എന്ന ആശയം പ്രചരിപ്പിക്കാനുള്ള പദ്ധതികൾ, എസ്.എസ്.എ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസ സംരക്ഷണ നിയമം അനുശാസിക്കും വിധം എല്ലാ സ്കൂളുകളിലും 1-ാം ക്ലാസ് പ്രവേശനത്തിന് 6 വയസ്സ് പൂർത്തിയായിരിക്കണമെന്ന് 09/01/12 ലെ ജി.ഒ (എം.എസ്) 9/12/പൊ.വി.വ. പ്രകാരം നിർദ്ദേശിച്ച് ഉത്തരവായെങ്കിലും കേന്ദ്രീയ വിദ്യാലയം ഉൾപ്പെടെയുള്ള സംസ്ഥാനത്തെ കേന്ദ്ര സ്കൂളുകളിൽ 5വയസ്സ് തന്നെ ഈ വർഷം നിലനിൽക്കുന്ന സാഹചര്യം കണക്കിലെടുത്ത് സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഈ അദ്ധ്യയന വർഷം 5 വയസ്സു തന്നെ നിലനിർത്തികൊണ്ട് 12.04.2012-ലെ ജി.ഒ.(എം.എസ്)117/2012/പൊ.വി.വ. മുഖേന ഉത്തരവായിട്ടുണ്ട്. വിദ്യാഭ്യാസ അവകാശ നിയമമനുസരിച്ച് എട്ടാം ക്ലാസുവരെയുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും ക്ലാസ്സ് കയറ്റം നൽകാൻ നിർദ്ദേശിച്ച് 28.03.12-ലെ ജി.ഒ.(പി) 99/12/പൊ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. 5-ാം ക്ലാസ് എൽ.പിയുടെയും 8-ാം ക്ലാസ് യു.പിയുടെയും ഭാഗമാക്കിക്കൊണ്ട് വിദ്യാഭ്യാസ അവകാശ നിയമം അനുശാസിക്കും വിധം 1 മുതൽ 8 വരെ ക്ലാസ്സുകൾ പ്രാഥമിക വിദ്യാഭ്യാസത്തിന്റെ

ഭാഗമാക്കികൊണ്ടുള്ള ഘടനാമാറ്റം സംബന്ധിച്ച് അടിയന്തിര നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. വിദ്യാഭ്യാസ അവകാശ നിയമപ്രകാരം അദ്ധ്യാപക വിദ്യാർത്ഥി അനുപാതം പുനർനിശ്ചയിക്കുന്നതിനുള്ള നടപടികളും നടന്നു വരുന്നു.

(ബി) നിയമം നടപ്പാക്കുമ്പോൾ സ്കൂളുകളിൽ വരുന്ന ഘടനാമാറ്റത്തിന്റെ ഫലമായി എത്ര പുതിയ സ്കൂളുകൾ വേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) നിയമം കേരളത്തിനനുയോജ്യമായ രീതിയിൽ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ;

(ബി) യും (സി) യും

നിയമം നടപ്പാക്കുന്നതിന്റെ ഫലമായി ഏകദേശം 2852 യു.പി. സ്കൂളുകളിൽ നിന്നും 5-ാം ക്ലാസ്സുകൾ മാറ്റേണ്ടിവരുന്നു. 2780 ഹൈസ്കൂളുകളിൽ നിന്നും 8-ാം ക്ലാസ്സും മാറ്റേണ്ടതായി വരും. അതുപോലെ ഏകദേശം 5801 എൽ.പി. സ്കൂളുകളിൽ 5-ാം ക്ലാസ്സും 2851 യു.പി. സ്കൂളുകളോടൊപ്പം 8-ാം ക്ലാസ്സും ചേർക്കേണ്ടതായി വരുന്നു ഈ ഘടനാ മാറ്റം ഭൗതികമായി നടപ്പിലാക്കിയാൽ എൽ.പി. സ്കൂളുകളിൽ 11305 ക്ലാസ്സ് മുറികളും യു.പി. സ്കൂളിൽ 6681 ക്ലാസ്മുറികളുമടക്കം മൊത്തം 17986 മുറികൾ സ്കൂളുകളിൽ പുതുതായി നിർമ്മക്കേണ്ടതായി വരുന്നു. ഈ മുറികളുടെ നിർമ്മാണത്തിന് ഏകദേശം 1000 കോടിയിലധികം രൂപയുടെ സാമ്പത്തിക ബാധ്യത ഉണ്ടാകുന്നു. അതേസമയം ഏതാണ്ട് ആറായിരത്തോളം ക്ലാസ്സ് മുറികൾ ഹൈസ്കൂളുകളിൽ ഒഴിഞ്ഞ്കിടക്കുന്ന സ്ഥിതിയുമുണ്ടാകുന്നു. മാത്രമല്ല ഇത്തരം മാറ്റങ്ങളുടെ ഫലമായി നിലവിലുള്ള പല അദ്ധ്യാപകരേയും യു.പി. യിൽ നിന്നും എൽ.പി. യിലേയ്ക്കും ഹൈസ്കൂളിൽ നിന്നും യു.പി. യിലേക്കും പുനർ വിന്യസിക്കേണ്ടി വരുന്നു. ഇത്തരം ഘടനാ മാറ്റങ്ങളുടെ ഫലമായി എയ്ഡഡ് സ്കൂളുകളിൽ ഏതാണ്ട് എണ്ണായിരത്തോളം പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടതായും വരുന്നു. വലിയ സാമ്പത്തിക ബാധ്യത ഏറ്റെടുക്കാതെയും നിലവിലുള്ള അദ്ധ്യാപകരുടെ പുനർ വിന്യാസം ഒഴിവാക്കിയും നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്ന സാഹചര്യം കൂടി കണക്കിലെടുത്തുമുള്ള ഘടനാമാറ്റമാണ്

സർക്കാർ ഉദ്ദേശിക്കുന്നത്. കേന്ദ്ര നിയമത്തിന്റെ അന്തസത്തയ്ക്ക് കോട്ടം തട്ടാത്ത വിധത്തിൽ സ്കൂളുകളിൽ ഘടനാമാറ്റം കൊണ്ടുവരുന്നതിന് വേണ്ടി സ്കൂൾ മാപ്പിംഗിനെ അടിസ്ഥാനമാക്കി അയൽപക്ക സ്കൂൾതല ക്ലസ്റ്ററുകൾ രൂപീകരിച്ച് മാതൃസ്കൂൾ ഫീഡർ സ്കൂൾ പദ്ധതി നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിനുള്ള നിർദ്ദേശങ്ങൾ മന്ത്രി സഭയുടെ പരിഗണനയിലാണ്. കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം അനുസരിച്ച് കേരളത്തിലെ ദുർബല വിഭാഗത്തിൽപ്പെട്ട കുട്ടികളെ നിർണ്ണയിക്കുന്നതിന് 60,000 രൂപ വാർഷിക വരുമാനം നിശ്ചയിച്ച്കൊണ്ടും ഡിസ് അഡ്വാന്റേജ്ഡ് വിഭാഗത്തിൽപ്പെട്ട കുട്ടികൾ ആരൊക്കെയാണെന്ന് നിശ്ചയിച്ചുകൊണ്ടും കേരളത്തിലെ സ്പെസിഫൈഡ് കാറ്റഗറി സ്കൂളുകൾ ഏതൊക്കെയാണെന്ന് നിശ്ചയിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് അനാദായകരമെന്ന് കണക്കാക്കപ്പെട്ടിട്ടുള്ള സ്കൂളുകൾ എത്ര; ഇത് നിർണ്ണയിക്കുന്നതിന് അടിസ്ഥാനമാക്കിയ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ഡി) സംസ്ഥാനത്ത് അനാദായകരമെന്ന് കണക്കാക്കപ്പെട്ടിട്ടുള്ള 4614 സ്കൂളുകളുണ്ട്. ഒരു ക്ലാസ്സിൽ ശരാശരി 25 കുട്ടികളിൽ കുറവുള്ള സ്കൂളുകളെയാണ് അനാദായകരമായ സ്കൂളായി കണക്കാക്കുന്നത്. 1 മുതൽ 4 വരെയുള്ള സ്കൂളുകളിൽ 100ന് താഴെ കുട്ടികളുള്ള സ്കൂളുകളും യു.പി. വിഭാഗത്തിൽ 75ന് താഴെ കുട്ടികളുള്ള സ്കൂളുകളെയുമാണ് ഇപ്രകാരം കണക്കാക്കുന്നത്.

(ഇ) കുട്ടികളുടെ എണ്ണക്കുറവുള്ള സ്കൂളുകൾ നിർത്തലാക്കാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ എത്ര;

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

(എഫ്) അദ്ധ്യാപക - വിദ്യാർത്ഥി അനുപാതം കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

(എഫ്) അദ്ധ്യാപക - വിദ്യാർത്ഥി അനുപാതം എൽ.പി. വിഭാഗത്തിൽ 1:30 ആയും യു.പി. ഹൈസ്കൂൾ വിഭാഗത്തിൽ 1:35 ആയും നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇത്

നടപ്പിലാക്കുന്നതിനായി കുട്ടികളുടെ എണ്ണം കൃത്യമായി കണക്കാക്കുന്നതിന് യു.ഐ.ഡി. പ്രകാരമുള്ള കുട്ടികളുടെ കണക്ക് എടുത്തു വരുന്നു. ഈ നടപടിപൂർത്തിയായാലുടനെ പുതിയ അനുപാതം പ്രയോഗത്തിൽ വരുത്തുന്നതാണ്.

| | |
|---|---|
| (ജി) എൽ.പി. - യു.പി. സ്കൂളുകളിൽ സ്വതന്ത്ര ഹെഡ് ടീച്ചർ തസ്തിക സൃഷ്ടിച്ച് നടപ്പിലാക്കിയോ; ഇത്തരം സ്കൂളൂകളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ? | (ജി) 150 കുട്ടികളുള്ള എൽ.പി. സ്കൂളിലും 100 കുട്ടികളുള്ള യു.പി. സ്കൂളിലും ഹെഡ്മാസ്റ്റർമാരെ ക്ലാസ് ചാർജിൽ നിന്നും ഒഴിവാക്കി 28.12.11ലെ ജി.ഒ. (പി) 256/11/പൊ.വി. പ്രകാരം ഉത്തരവായിട്ടുണ്ട്. സർക്കാർ സ്കൂളുകളിൽ മാത്രമാണ് ഇത് നടപ്പിലാക്കാൻ കേന്ദ്ര പദ്ധതി പ്രകാരം അനുമതി ലഭിച്ചിട്ടുള്ളത്. യു.ഐ.ഡി. പ്രകാരമുള്ള കുട്ടികളുടെ കണക്ക് ലഭ്യമായാലുടനെ ഇത് സംബന്ധിച്ച് ആവശ്യമായ തുടർ നടപടി എടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ